REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-08-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- വയനാട് ദുരന്തബാധിതരുടെ വായ്പ തിരിച്ചടവ് സംബന്ധിച്ച ബാങ്കേഴ്സ് സമിതി യോഗം ഇന്ന് തിരുവനന്തപുരത്ത്.
- ഇന്ന് രക്ഷാബന്ധൻ. രാഷ്ട്രപതി ദ്രൗപതി മുർമു ജനങ്ങൾക്ക് ആശംസകൾ നേർന്നു.
- രാജ്യത്ത് മങ്കിപോക്സിനെതിരെ ജാഗ്രത പുലർത്താൻ സംസ്ഥാനങ്ങൾക്ക് കേന്ദ്ര നിർദേശം.
- എയിംസ് വികസിതമല്ലാത്ത ഏതെങ്കിലും പ്രദേശത്ത് സ്ഥാപിക്കുന്നതിന് മുൻഗണന നൽകണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.
- മധ്യ കേരളത്തിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

## വാർത്തകൾ വിശദമായി

വയനാട് ദുരന്തബാധിതരുടെ വായ്പ തിരിച്ചടവ് സംബന്ധിച്ച ബാങ്കേഴ്സ് സമിതി യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. കഴിഞ്ഞ ദിവസം ദുരിതാശ്വാസ നിധിയിൽ നിന്ന് അക്കൗണ്ടിൽ തുക ലഭിച്ചതിന് പിന്നാലെ വായ്പ തിരിച്ചു പിടിച്ച സംഭവം റിപ്പോർട്ട് ചെയ്തിരുന്നു.

സംഭവത്തിൽ പ്രതിഷേധിച്ച് കൽപ്പറ്റയിലെ ഗ്രാമീൺ ബാങ്കിലേക്ക് ഇന്ന് യൂത്ത് കോൺഗ്രസ് മാർച്ച് സംഘടിപ്പിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

................വോയ്സ്............

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട വിദഗ്ദ്ധ സമിതിയുടെ യോഗം ദുരന്ത ബാധിതരുടെ പുനരധിവാസം ഉൾപ്പെടെ വിഷയങ്ങൾ ചർച്ച ചെയ്യും. ഇതിന് ശേഷമായിരിക്കും ഗവൺമെന്റിന് റിപ്പോർട്ട് നൽകുന്നത്.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ചാലിയാർ പുഴയുടെ തീരത്ത് തിരച്ചിൽ തുടരുന്നു. മുണ്ടേരി, ഇരുട്ടുകുത്തി, അമ്പിട്ടാംപ്പൊട്ടി, പനങ്കയം, മച്ചിക്കൈ പ്രദേശത്താണ് ഞായറാഴ്ച തിരച്ചിൽ നടത്തിയത്.

പോത്തുകല്ല് പൊലീസ്, MSP സംഘം, DYFI യൂത്ത്ബ്രിഗേഡ്, എമർജൻസി റസ്ക്യൂ ഫോഴ്സ് എന്നിവയുടെ നേതൃത്വത്തിലാണ് തിരച്ചിൽ നടത്തിയത്. തിരച്ചിൽ ഇന്നും തുടരും.

കോഴിക്കോട് തോട്ടുമുക്കം ഗവൺമെന്റ് UP സ്കൂളിലെ വിദ്യാർത്ഥികൾ ഫ്ലാഗ് ചാലഞ്ചിലൂടെ സ്വരൂപിച്ച 25,710 രൂപ വയനാട് അതിജീവനത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി. ജില്ലാ കലക്ടർക്കാണ് കുട്ടികൾ തുക കൈമാറിയത്.

✪✪✪

ഇന്ന് രക്ഷാബന്ധൻ. സഹോദര സ്നേഹത്തിന്റെ പവിത്രതയുടെ ഉത്സവമാണ് രക്ഷാബന്ധൻ.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു  ജനങ്ങൾക്ക് രക്ഷാബന്ധൻ ആശംസകൾ നേർന്നു. സഹോദരങ്ങൾ തമ്മിലെ  സ്നേഹവും പരസ്പര വിശ്വാസവും ശക്തിപ്പെടുത്തുന്നതിന്റെ ആഘോഷമാണ് രക്ഷാ ബന്ധനെന്ന് രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

രക്ഷാബന്ധൻ ആഘോഷത്തോട് അനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു രാവിലെ വിവിധ സംസ്ഥാനങ്ങളിലെ ഗവൺമെന്റ് സ്കൂൾ വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തും. രാഷ്ട്രപതി ഭവനിലെ കൾച്ചറൽ സെന്ററിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാൻ, സഹമന്ത്രി ജയന്ത് സിംഗ്, തുടങ്ങിയവരും പങ്കെടുക്കും.

✪✪✪

രാജ്യത്ത് മങ്കിപോക്സിനെതിരെ കൂടുതൽ നിരീക്ഷണവും പ്രതിരോധ നടപടികളും സ്വീകരിക്കാൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. P.K മിശ്ര സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി. പരിശോധനാ ലാബുകളുടെ ശൃംഖല ശക്തമാക്കി രോഗം മുൻകൂട്ടി കണ്ടെത്താൻ തയ്യാറാകണം. ജനങ്ങൾക്കിടയിൽ ഈ രോഗത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കണമെന്നും ന്യൂഡൽഹിയിൽ P.K മിശ്രയുടെ

അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം ആവശ്യപ്പെട്ടു. പ്രധാനമന്ത്രി നരേന്ദ്രമോദി മങ്കിപോക്സിന്റെ സാഹചര്യം നിരീക്ഷിച്ചു വരികയാണെന്നും മിശ്ര അറിയിച്ചു.

രാജ്യത്ത് ഇതുവരെ മങ്കിപോക്സ് റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും രോഗ വ്യാപന സാധ്യത വിരളമാണെന്നും യോഗം വിലയിരുത്തി.

⭐⭐⭐

കൊൽക്കത്ത മെഡിക്കൽ കോളേജിലെ വനിതാ ഡോക്ടറെ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ പ്രതിഷേധം തുടരാൻ ആക്ഷൻ കമ്മറ്റി തീരുമാനിച്ചു. മെഡിക്കൽ കോളേജുകളിലെയും ആശുപത്രികളിലെയും അടിയന്തര സേവനങ്ങളിലൊഴികെ പങ്കെടുക്കില്ലെന്ന് റസിഡന്റ് ഡോക്ടർമാരും PG ഡോക്ടർമാരും അറിയിച്ചു. പ്രതിഷേധത്തിന്റെ ഭാഗമായി ന്യൂഡൽഹിയിലെ നിർമാൺ ഭവനു മുന്നിലെ റോഡിൽ സൗജന്യ OP സേവനം നൽകുമെന്നും സമര സമിതി അറിയിച്ചു.

⭐⭐⭐

കൊൽക്കത്ത സംഭവത്തിൽ കുറ്റവാളികൾക്കെതിരെ കർശന നടപടി ആവശ്യപ്പെട്ട് സംസ്ഥാനത്തെ എല്ലാ കോളേജുകളിലും AKPCTA ഇന്ന് പ്രതിഷേധ ദിനം സംഘടിപ്പിക്കും. വനിതാ കമ്മറ്റിയുടെ നേതൃത്വത്തിലാണ് പരിപാടി.

വെള്ളിയാഴ്ച വൈകിട്ട് ജില്ലാ കേന്ദ്രങ്ങളിൽ പ്രതിഷേധ ജ്വാല സംഘടിപ്പിക്കുമെന്നും AKPCTA ഭാരവാഹികൾ അറിയിച്ചു.

✪✪✪

കേന്ദ്ര മന്ത്രാലയങ്ങളിൽ ജോയിന്റ് സെക്രട്ടറിമാരും ഡയറക്ടർമാരും ഉൾപ്പെടെ 45 മുതിർന്ന ഉദ്യോഗസ്ഥരെ നേരിട്ട് നിയമിക്കുന്നതിനെതിരെ കോൺഗ്രസ് ആരോപണം ഉന്നയിക്കുന്നത് കപട നാട്യമാണെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് കുറ്റപ്പെടുത്തി. കോൺഗ്രസ് നേതാവ് വീരപ്പ മൊയ്‌ലി അധ്യക്ഷനായ രണ്ടാം ഭരണപരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്ത നടപടിയാണിതെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. UPSC വഴി തികച്ചും സുതാര്യമായ തരത്തിലാണ് ലാറ്ററൽ നിയമനങ്ങൾ ഗവൺമെന്റ് നടത്തുന്നതെന്ന് അശ്വിനി വൈഷ്ണവ് വ്യക്തമാക്കി.

✪✪✪

തമിഴ്നാട് മുൻ മുഖ്യമന്ത്രിയും DMK നേതാവുമായ M.കരുണാനിധിയുടെ ശതാബ്ദി സ്മാരക നാണയം കേന്ദ്രമന്ത്രി രാജ്നാഥ്സിംഗ് ചെന്നൈയിൽ ഇന്നലെ പുറത്തിറക്കി. ഇന്ത്യൻ രാഷ്ട്രീയത്തിലെ സുപ്രധാന വ്യക്തികളിൽ ഒരാളായിരുന്നു കലൈഞ്ജർ കരുണാനിധിയെന്ന് രാജ്നാഥ് സിംഗ് അനുസ്മരിച്ചു. ചടങ്ങിൽ കേന്ദ്ര മന്ത്രി എൽ മുരുഗനും പങ്കെടുത്തു.

✪✪✪

എയിംസ് വികസിതമല്ലാത്ത ഏതെങ്കിലും പ്രദേശത്ത് സ്ഥാപിക്കുന്നതിന് മുൻഗണന നൽകണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അഭിപ്രായപ്പെട്ടു. ആ പ്രദേശത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും അടിസ്ഥാന മേഖലാ വികസനത്തിനും ഈ നടപടി സഹായിക്കുമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. ഫ്രറ്റേണിറ്റി ഓഫ് ട്രിവാൻഡ്രം പ്രൊഫഷണൽസ് സംഘടിപ്പിച്ച സംവാദം ഉദ്ഘാടനം ചെയ്യുകയായിരുന്നു സുരേഷ് ഗോപി.

വയനാടിന്റെ പുനർ നിർമ്മാണത്തിൽ സുതാര്യത ഉറപ്പാക്കാൻ ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ കൺസോർഷ്യം രൂപീകരിക്കണമെന്നും അദ്ദേഹം നിർദേശിച്ചു. കൊച്ചി മെട്രോ വിപുലീകരണത്തിലൂടെ അതിന്റെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കാനാകുമെന്നും സുരേഷ് ഗോപി പറഞ്ഞു.

✪✪✪

ആതുരസേവനം അഭിമാനത്തോടെ ഉൾക്കൊള്ളേണ്ട ബഹുമതിയാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു. കേരള ആരോഗ്യ സർവ്വകലാശാലയുടെ 19-ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ഗവർണർ. ബുദ്ധിപരവും ധാർമികവുമായ നീതി നിർവ്വഹണം എന്നതിൽ വേരൂന്നിയാകണം ആതുര വിദ്യാഭ്യാസമെന്നും അതിന്റെ കുലീനത ഉൾക്കൊണ്ട് അർപ്പണ മനോഭാവത്തോടെ

പൊതു സമൂഹത്തിന് സേവനം നൽകണമെന്നും ഗവർണ്ണർ ആവശ്യപ്പെട്ടു.

സർവ്വകലാശാലക്കു കീഴിലെ കോളേജുകളിൽ പഠനം പൂർത്തീകരിച്ച 11,166 പേർക്കാണ് ബിരുദ സർട്ടിഫിക്കറ്റുകൾ നൽകിയത്.

✪✪✪

സംസ്ഥാനത്ത് ബുധനാഴ്ച വരെ ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലും ലക്ഷദ്വീപിലും കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ 55 കിലോമീറ്റർ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

✪✪✪

മലയാള സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച ഹേമ കമ്മറ്റി റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനെതിരെ നടി രഞ്ജിനി നൽകിയ ഹർജി ഹൈക്കോടതി ഇന്ന് പരിഗണിച്ചേക്കും. റിപ്പോർട്ട് പുറത്തുവിടുന്നതിന് മുമ്പ് വിവരങ്ങൾ പരിശോധിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടാണ് ഹർജി നൽകിയത്.

✪✪✪

ഷിരൂർ മണ്ണിടിച്ചിലിൽ കാണാതായ അർജ്ജുനു വേണ്ടി ഗംഗാവലി പുഴയിൽ തെരച്ചിൽ നടത്തിയ ഈശ്വർ മാൽപെ ഇന്ന് കോഴിക്കോട്ടെ അർജുന്റെ വീട്ടിലെത്തി കുടുംബാംഗങ്ങളെ കാണും. തെരച്ചിൽ സംബന്ധിച്ച ഇപ്പോഴത്തെ സാഹചര്യം വിശദീകരിക്കാനാണ് മാൽപെ എത്തുന്നത്.

✪✪✪

കേരളാ ഹൈക്കോടതി മുൻ ആക്ടിംഗ് ചീഫ് ജസ്റ്റിസും സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുൻ ആക്ടിംഗ് ചെയർപേഴ്സണുമായ ജസ്റ്റിസ് V.P മോഹൻ കുമാർ അന്തരിച്ചു. ഇന്നലെ വൈകിട്ട് എറണാകുളത്തായിരുന്നു 84-കാരനായ അദ്ദേഹത്തിന്റെ അന്ത്യം. മൃതദേഹം രാവിലെ പനമ്പിള്ളി നഗറിലെ വസതിയിൽ പൊതുദർശനത്തിന് വെയ്ക്കും. വൈകിട്ട് രവിപുരം ശ്മശാനത്തിലാണ് സംസ്കാരം.

കല്ലുവാതുക്കൽ മദ്യദുരന്ത അന്വേഷണ കമ്മീഷനായി പ്രവർത്തിച്ചിരുന്നു. നീണ്ടകാലം കർണാടക ഹൈക്കോടതി ജഡ്ജിയായിരുന്നു.

ജസ്റ്റിസ് മോഹൻ കുമാറിന്റെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ അലക്സാണ്ടർ തോമസും അനുശോചനം അറിയിച്ചു.

✪✪✪

പാലക്കാട് ജില്ലാ തദ്ദേശ അദാലത്ത് രാവിലെ ആരംഭിക്കും. കോസ്മോ പൊളിറ്റൻ ക്ലബ് ഹാളിൽ നടത്തുന്ന അദാലത്തിന് മന്ത്രി M.B രാജേഷ് നേതൃത്വം നൽകും.

✪✪✪

BJP സംസ്ഥാന നേതൃയോഗം ഇന്ന് കൊച്ചിയിൽ ചേരും. രാവിലെ എറണാകുളം B.T.H-ൽ ചേരുന്ന യോഗത്തിൽ സംസ്ഥാന പ്രഭാരി പ്രകാശ് ജാവ്ദേക്കർ, സഹ പ്രഭാരി അപരാജിത സാരംഗി കേന്ദ്രമന്ത്രിമാരായ ജോർജ് കുര്യൻ, സുരേഷ് ഗോപി തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

വടകരയിലെ കാഫിർ പോസ്റ്റിന്റെ ഉത്തരവാദിത്വം UDF-ന്റെ തലയിൽ കെട്ടിവെയ്ക്കാൻ ശ്രമിക്കുമ്പോൾ CPIM-ന്റെ മുഖമാണ് കൂടുതൽ വികൃതമാകുന്നതെന്ന് KPCC പ്രസിഡന്റ് K. സുധാകരൻ പറഞ്ഞു. പാർട്ടി സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദന്റെ പരാമർശത്തോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

കാഫിർ പോസ്റ്റ് വിവാദത്തിൽ ഇന്ന് UDF വടകര റൂറൽ SP ഓഫീസിലേക്ക് മാർച്ച് നടത്തുന്നുണ്ട്. തെറ്റ് ചെയ്തവർക്കെതിരെ കർശന നടപടി ഉണ്ടാകുന്നത് വരെ പ്രക്ഷോഭവും നിയമ നടപടിയും ഉണ്ടാകുമെന്ന് സുധാകരൻ മുന്നറിയിപ്പ് നൽകി.

✪✪✪

രാഷ്ട്രീയപാർട്ടിക്ക് എത്രത്തോളം തരംതാഴാൻ സാധിക്കും എന്നതിന്റെ ഉദാഹരണമാണ് വടകരയിൽ

CPIM-മ്മിന്റെ നേതൃത്വത്തിൽ നടത്തിയ കാഫിർ വിവാദമെന്ന് RSP സംസ്ഥാന സെക്രട്ടറി ഷിബു ബേബി ജോൺ പറഞ്ഞു. കൊല്ലത്ത് UTUC സംസ്ഥാന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വെറുപ്പും, വിദ്വേഷവും കൊണ്ട് CPI(M) ജനങ്ങളെ ഭിന്നിപ്പിക്കുമെന്നതിന് തെളിവാണ് കാഫിർ വിവാദമെന്നും അദ്ദേഹം കുറ്റപ്പെടുത്തി. തൊഴിലാളി വിരുദ്ധ നിലപാടുകളുടെ കാര്യത്തിൽ കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾക്ക് സമാന നിലപാടുകളാണെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത N.K പ്രേമചന്ദ്രൻ M.P പറഞ്ഞു.

✪✪✪

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ഉന്നത വിദ്യാഭ്യാസ പരിശീലന പദ്ധതി സ്പെക് മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. സിവിൽ സർവീസിലേയ്ക്കും ശാസ്ത്ര - സാങ്കേതിക സ്ഥാപനങ്ങളിലേക്കും പ്രവേശനം ഉറപ്പാക്കാനും വിദേശ ഭാഷാ പഠനത്തിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനും ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഒരു വർഷം 150 കുട്ടികൾക്ക് പരിശീലനം നൽകും. എട്ടാം ക്ലാസ് മുതൽ പ്ലസ് വൺ വിദ്യാർത്ഥികൾക്ക് വരെയാണ് പഠന പിന്തുണയും പരിശീലനവും നൽകുന്നത്.

✪✪✪

കോഴിക്കോട് കല്ലായി റോഡിലെ വട്ടാംപൊയിലിൽ ഇന്നലെ രാത്രി ബൈക്കും ബസും കൂട്ടിയിടിച്ച് രണ്ട് യുവാക്കൾ മരിച്ചു. കൊണ്ടോട്ടി സ്വദേശികളായ സാബിത്ത്, സിയാദ് എന്നിവരാണ് മരിച്ചത്.

✪✪✪

തോപ്പിൽ ഭാസിയുടെ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസോസിയേഷൻ സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന നാടക ശില്പശാല ആലപ്പുഴയിൽ ഇന്ന് ആരംഭിക്കും. രണ്ടുദിവസത്തെ പരിപാടി ഇന്ന് ഉച്ചയ്ക്ക് ശേഷം CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്യും.

✪✪✪

അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ പാലക്കാട് നെല്ലിയാമ്പതി ചുരം റോഡിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. ഇന്നും നാളെയും രാവിലെ 10 മുതൽ വൈകീട്ട് 4 വരെ അത്യാവശ്യ വാഹനങ്ങൾ ഒഴികെ മറ്റു വാഹനങ്ങൾക്ക് നിരോധനം ബാധകമായിരിക്കുമെന്ന് ജില്ല കളക്ടർ അറിയിച്ചു.

✪✪✪